(ബി) ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പൂഴ്ത്തിവയ്പ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് ഇന്ധനവില ഉയർന്ന സാഹചര്യത്തിൽ വിലക്കയറ്റം തടയുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥർക്ക് പരിശോധനകളും റെയ്ഡുകളും കാര്യക്ഷമമായി നടത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ, പ്രൈസ് മോണിറ്ററിംഗ് സെല്ലുകൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി സ്റ്റോക്ക് ലിമിറ്റ്/ ലൈസൻസിംഗ് സമ്പ്രദായം എന്നിവയുടെ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. വിവിധ നിയന്ത്രണ ഉത്തരവുകൾ പ്രകാരം സ്റ്റോക്ക്, വിലവിവരപ്പട്ടിക എന്നിവ പ്രദർശിപ്പിക്കാത്തവർക്കെതിരെ കർശന നടപടിയെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിപണിയിൽ ഉണ്ടാകുന്ന കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കൃത്രിമ വിലക്കയറ്റവും ഫലപ്രദമായി തടയുന്നതിന് ഗോഡൗണുകളിലും, ഓപ്പൺമാർക്കറ്റുകളിലും എല്ലാ പരിശോധനാ വിഭാഗങ്ങളും വ്യാപകമായി റെയ്ഡുകൾ നടത്തുന്നതിനും ഗോഡൗണുകൾക്ക് ലൈസൻസുകൾ ഉണ്ടെന്നും ഗോഡൗണുകൾ ചട്ടപ്രകാരം സ്റ്റോക്ക് ചെയ്യാവുന്ന സാധനത്തിൽ അധികം സ്റ്റോക്ക് ചെയ്തിട്ടുണ്ടെങ്കിൽ അവശ്യസാധന നിയമപ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹോട്ടലുകളിലെ വില നിലവാരം നിയന്ത്രിക്കാൻ നടപടി

66 (4417) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വില നിലവാരം നിയന്ത്രിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംവിധാനം ഇപ്പോൾ പ്രവർത്തനക്ഷമമാണോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഹോട്ടൽ ബിസിനസുകാരാണ് വില വർദ്ധിപ്പിക്കുന്നതിൽ മുൻപന്തിയിലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഹോട്ടലുകൾ ഒരു ന്യായീകരണവുമില്ലാത്ത രീതിയിൽ വില വർദ്ധിപ്പിച്ചതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിലും താലൂക്ക് തലത്തിലും പരിശോധനകളും റെയ്ഡുകളും കർശനമാക്കുകയും വിലവിവരപ്പട്ടിക നിർബന്ധമായും

LIBRARY ARCHIVES Kerala Legislative Assembly

പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുടമകൾക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വില നിലവാരം നിയന്ത്രണ വിധേയമാക്കുന്നതിനായി എല്ലാ ജില്ലകളിലും 10 വീതം മാവേലി ഹോട്ടലുകൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ 52 മാവേലി ഹോട്ടലുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) വിലനിലവാരം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമായി നടത്തിവരുന്നുണ്ട്. വിലവിവരപ്പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോട്ടലുകളിലെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഗ്രേഡിംഗ് നടത്തി ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിനു സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

കൊച്ചിയിലും പരിസരപ്രദേശങ്ങളിലും ഹോട്ടലുകളിൽ അന്യായമായ വില ഈടാക്കുന്നതിനെതിരെ നടപടി

67 (4418) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലിന്റെയും പാചകവാതകത്തിന്റെയും വില വർദ്ധനവ് എന്ന കാരണം പറഞ്ഞ് കൊച്ചിയിലും പരിസരപ്രദേശങ്ങളിലും ഹോട്ടലുകളിൽ ചായയ്ക്കും ആഹാര സാധനങ്ങൾക്കും അന്യായമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അന്യായവില ഈടാക്കുന്ന ഹോട്ടലുകൾക്കെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) പള്ളുരുത്തിയിൽ ന്യായവില ഹോട്ടൽ തുടങ്ങുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ & ബി) വിലനിലവാരം നിയന്ത്രിക്കുന്നതിനായി പരിശോധനകൾ കർശനമായി നടത്തിവരുന്നുണ്ട്. വിലവിവരപ്പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. വിലകൾ പരിശോധിക്കാൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പള്ളുരുത്തിയിൽ ന്യായവില ഹോട്ടൽ തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly